**<u>അടിയന്തിരം</u>**

നം.എൽ.എഫ്. 8618/പി.റ്റി.2/2012.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 10.05.2012
ഫോൺ: 0471-2303640
ഇ.-മെയിൽ:localfundauditdlfa@yahoo.in

ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്.

***എല്ലാ ജില്ലാ ഓഫീസുകൾക്കും.***

സർ,

വിഷയം:- ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി പുറപ്പെടുവിക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്.

സൂചന:-

മേൽ വിഷയത്തിലേക്ക് അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ കേരള ലോക്കൽ ഫണ്ട് ആക്ടിൽ അനുശാസിക്കുന്ന വിധം സമയബന്ധിതമായി പുറപ്പെടുവിച്ചു കാണുന്നില്ല.

സാമ്പത്തിക വർഷം അവസാനിച്ച് പരമാവധി 4 മാസത്തിനുള്ളിൽ വാർഷിക കണക്ക് ഓഡിറ്റിന് ഹാജരാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9(1)ൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. വാർഷിക കണക്ക് നാലുമാസത്തിനുള്ളിൽ ഓഡിറ്റിന് നൽകാത്ത പക്ഷം വീഴ്ചവരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന് മേൽ ആയിരം മുതൽ 3000 രൂപവരെ പിഴ ചുമത്താൻ ഡയറക്ടർക്ക് അധികാരമുണ്ടെന്ന് സെക്ഷൻ 9(2) ൽ പരാമർശിച്ചിരിക്കുന്നു. കൂടാതെ വാർഷിക കണക്ക് കൈപ്പറ്റി 6 മാസത്തിനകം ഓഡിറ്റ് പൂർത്തിയാക്കാൻ ഓഡിറ്റർക്കും ബാധ്യതയുണ്ട്. ഇതിൽ പിഴവ് പറ്റുന്ന പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ കേരള സിവിൽ സർവ്വീസ് ചട്ടം 1960 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്ന് സെക്ഷൻ 10-ൽ നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തീയതി സംബന്ധിച്ച് യാതൊരു പരാമർശവും രേഖപ്പെടുത്തി കാണുന്നില്ല. ഇക്കാരണത്താൽ വാർഷിക കണക്ക് സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടോ, സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് പുറപ്പെടുവിക്കാൻ കഴിഞ്ഞോ എന്നീ വസ്തുതകൾ വ്യക്തമാകുന്നുമില്ല.

ആയതിനാൽ ഇത്തരം അപാകതകൾ ഒഴിവാക്കി അടിയന്തിര പ്രാധാനയത്തോടെ സമയബന്ധിതമായി ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല വാർഷിക കണക്ക് കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കാത്ത പക്ഷം ടി വീഴ്ചയ്ക്ക് കാരണക്കാരായവർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കും എന്നും ഇതോടൊപ്പം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

***ഡയറക്ടർ***
***ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്.***

എസ്.ജെ.

<u>പകർപ്പ്</u>

എല്ലാ സബ് ഓഫീസുകൾക്കും.